**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1888** **20-06-2024 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ ഡ്രൈവിംഗ് ലൈസൻസ് അപേക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. വി. അൻവർ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഡ്രൈവിംഗ് ലൈസൻസിനായി അപേക്ഷ നൽകി ഡ്രൈവിംഗ് ടെസ്റ്റിന് കാത്തിരിക്കുന്ന എത്ര അപേക്ഷകരുണ്ടെന്ന് ജില്ല തിരിച്ച് വിവരം ലഭ്യമാക്കാമോ; അപേക്ഷകൾ കാലതാമസമില്ലാതെ തീർപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട് |
| (ബി) | സംസ്ഥാനത്ത് ഡ്രൈവിംഗ് ലൈസൻസിനായി ഏറ്റവും കൂടുതൽ അപേക്ഷകരുള്ള മലപ്പുറം ജില്ലയ്ക്ക് പ്രത്യേക പരിഗണന നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ആലോചനയിൽ ഇല്ല എന്നാൽ മോട്ടോർ വാഹന വകുപ്പിലെ ഓരോ ഓഫീസിന്റെ കീഴിലുമുള്ള തീർപ്പാക്കാനുള്ള അപേക്ഷകളുടെ ബാഹുല്യം പരിശോധിച്ച് അധികം അപേക്ഷകരുള്ള സ്ഥലങ്ങളിൽ താൽക്കാലിക ക്രമീകരണത്തിലൂടെ ഉദ്യോഗസ്ഥരെ വിന്യസിച്ച് അപേക്ഷ തീർപ്പാക്കുവാൻ 23/5/2004ലെ സ ഉ (സാധാ) നം. 181/2024/ഗതാ പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | കേന്ദ്ര മോട്ടോർ വാഹന നിയമമനുസരിച്ച് ആരംഭിക്കാൻ ഉദ്ദേശിക്കുന്ന ഡ്രൈവിംഗ് അക്രഡിറ്റേഷൻ സെന്ററുകൾ മറ്റേതെങ്കിലും സംസ്ഥാനങ്ങളിൽ നടപ്പാക്കുന്നതായി അറിയുമോ ; വിശദാംശങ്ങൾ അറിയിക്കാമോ; | (സി) | പരിശോധിച്ചുവരുന്നു. വിശദാംശങ്ങൾ ലഭ്യമായിട്ടില്ല |
| (ഡി) | ഗതാഗത വകുപ്പ് പുറത്തിറക്കിയ 17/24 നമ്പർ സർക്കുലർ പ്രകാരം, സ്വന്തമായി ഡ്രൈവിംഗ് പരിശീലിച്ചവരെ ഡ്രൈവിംഗ് ടെസ്റ്റിന് ഹാജരാകാൻ അനുവദിക്കുമെന്നുള്ള നിർദ്ദേശം പരിശീലനത്തിന്റെ ഗുണമേന്മ ഇല്ലാതാക്കുന്നതിനും അനധികൃത ഡ്രൈവിംഗ് പരിശീലനത്തിനും റോഡ് അപകടങ്ങൾ വർദ്ധിപ്പിക്കുന്നതിനും ഇടയാക്കില്ലേ; വിശദമാക്കാമോ? | (ഡി) | നിലവിലെ ഡ്രൈവിംഗ് ടെസ്റ്റ് പരിഷ്കരണവുമായി ബന്ധപ്പെട്ട് 17/2024 സർക്കുലറിലെ അഞ്ചാം ഖണ്ഡിക പ്രകാരം ഏതൊരാൾക്കും സ്വന്തമായി വാഹനം ഓടിച്ച് പഠിക്കുവാനും ഡ്രൈവിംഗ് ടെസ്റ്റിന് അപേക്ഷിക്കുവാനും സ്വന്തം വാഹനം ഉപയോഗിച്ച് ഡ്രൈവിംഗ് ടെസ്റ്റിനു ഹാജരാകാനുമുള്ള അവസരം ഉറപ്പുവരുത്തേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുള്ളതും എന്നാൽ ലേണേഴ്സ് ലൈസൻസ് കരസ്ഥമാക്കിയ വ്യക്തിക്ക് വാഹനം പരിശീലിക്കാവുന്നതും അതോടൊപ്പം വാഹനം ഓടിക്കുന്ന സമയം ലൈസൻസ് ഉള്ള വ്യക്തിയുടെ സാന്നിധ്യം കൂടെ ഉണ്ടാകണമെന്നും മോട്ടോർ വാഹന നിയമം നിഷ്കർഷിക്കുന്നുണ്ട്. ഇത് സ്വന്തമായി ഡ്രൈവിംഗ് |

| | | | |
|---|---|---|---|
| | | | പരിശീലനം നേടുന്ന വിഷയത്തിലും ഡ്രൈവിംഗ് ടെസ്റ്റിന് സ്വന്തമായി ഹാജരാകുന്നതിനും ബാധകമാണ്. |

സെക്ഷൻ ഓഫീസർ

Annexure 1

| ഓഫീസ് | സംസ്ഥാനത്തു ഡ്രൈവിംഗ് ലൈസൻസിനായി അപേക്ഷ നൽകി ഡ്രൈവിംഗ് ടെസ്റ്റിന് കാത്തിരിക്കുന്ന എത്ര അപേക്ഷകരുണ്ട് | അപേക്ഷകൾ കാലതാമസമില്ലാതെ തീർപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ |
|---|---|---|
| ആർ ടി ഒ തിരുവനന്തപുരം | 16674 | അപേക്ഷകൾ കാലതാമസമില്ലാതെ തീർപ്പാക്കുന്നുണ്ട് |
| ആർടിഒ കൊല്ലം | 19391 | അപേക്ഷകൾ കാലതാമസമില്ലാതെ തീർപ്പാക്കുന്നുണ്ട് |
| ആർടിഒ പത്തനംതിട്ട | 9025 | അപേക്ഷകൾ കാലതാമസമില്ലാതെ തീർപ്പാക്കുന്നുണ്ട് |
| ആർടിഒ ആലപ്പുഴ | 14905 | അപേക്ഷകൾ കാലതാമസമില്ലാതെ തീർപ്പാക്കുന്നുണ്ട് |
| ആർടിഒ ആറ്റിങ്ങൽ | 10997 | അപേക്ഷകൾ കാലതാമസമില്ലാതെ തീർപ്പാക്കുന്നുണ്ട് |
| ആർടിഒ N.S. | 1966 | അപേക്ഷകൾ കാലതാമസമില്ലാതെ തീർപ്പാക്കുന്നുണ്ട് |
| ആർടിഒ എറണാകുളം | 35631 | അപേക്ഷകൾ കാലതാമസമില്ലാതെ തീർപ്പാക്കുന്നുണ്ട് |
| ആർ ടി ഒ കോട്ടയം | 16457 | അപേക്ഷകൾ കാലതാമസമില്ലാതെ തീർപ്പാക്കുന്നുണ്ട് |
| ആർടിഒ ഇടുക്കി | 4910 | അപേക്ഷകൾ കാലതാമസമില്ലാതെ തീർപ്പാക്കുന്നുണ്ട് |
| ആർടിഒ കോഴിക്കോട് | 17254 | അപേക്ഷകൾ കാലതാമസമില്ലാതെ തീർപ്പാക്കുന്നുണ്ട് |
| ആർടിഒ വടകര | 10864 | അപേക്ഷകൾ കാലതാമസമില്ലാതെ തീർപ്പാക്കുന്നുണ്ട് |
| ആർടിഒ കണ്ണൂർ | 26504 | അപേക്ഷകൾ കാലതാമസമില്ലാതെ തീർപ്പാക്കുന്നുണ്ട് |
| ആർടിഒ വയനാട് | 8077 | അപേക്ഷകൾ കാലതാമസമില്ലാതെ തീർപ്പാക്കുന്നുണ്ട് |
| ആർടിഒ കാസർഗോഡ് | 4812 | അപേക്ഷകൾ കാലതാമസമില്ലാതെ തീർപ്പാക്കുന്നുണ്ട് |
| ആർടിഒ തൃശ്ശൂർ | 43001 | അപേക്ഷകൾ കാലതാമസമില്ലാതെ തീർപ്പാക്കുന്നുണ്ട് |
| ആർടിഒ പാലക്കാട് | 28310 | അപേക്ഷകൾ കാലതാമസമില്ലാതെ തീർപ്പാക്കുന്നുണ്ട് |
| ആർടിഒ മലപ്പുറം | 22988 | അപേക്ഷകൾ കാലതാമസമില്ലാതെ തീർപ്പാക്കുന്നുണ്ട് |